# താമരമൊട്ടുകൾ

വാല്യം 21 | ഏപ്രിൽ 2019 | ലക്കം 4 | Price ₹ 20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India
| RNI NO. 71212/99 | Date of Publication : 30 - 03 - 2019 |



Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme


## April 2019

| | | |
|---|---|---|
| 01 | 10.00 | Peruvannamuzhi |
| | 16.30 | Marudonkara |
| 02 | 06.30 | Bethania |
| 03 | 06.30 | PMOC |
| 04 | | Office day |
| 05 | 10.30 | Thalassery |
| 06 | 14.00 | Bethania |
| 07 | 09.00 | Nelliyady |
| 08 | 14.00 | Thottumukkom |
| 09 | 06.30 | PMOC |
| | 10.00 | Thamarassery |
| 10 | 10.00 | Koodathai |
| | 12.00 | Kunnamangalam |
| 11 | 10.00 | Thamarassery |
| 12 | | Kulatahuvayal |
| 13 | 08.00 | Cathedral |
| 14 | 07.15 | Kattippara |
| 15 | 10.30 | Cathderal |
| 16 | | Office day |
| 17 | | Prayer day |
| 18 | 08.00 | Cathderal |
| | 17.00 | Devagiri |
| 19 | 08.00 | Cathedral |
| 20 | 07.30 | Vayalida |
| 21 | 03.00 | Cathedral |
| 22 | 10.00 | Chevayoor |
| | 16.30 | Vettilappara |
| 23 | 10.30 | Office day |
| 24 | 07.00 | Thalayad |
| | 10.30 | Thamarassery |
| | 18.30 | Thalassery |
| 25 | 9.00 | Chembukadavu |
| | 10.00 | Thiurvambady |
| | 18.30 | Malaparamb |
| 26 | 10.30 | Puthenchira |
| 27 | | Koorachundu - Roopathadinam |
| | 18.00 | Theyyappara |
| 28 | 10.00 | Poolappadam |
| | 15.00 | Poozhithode |
| 29 | 10.00 | Kulathuvayal |
| 30 | 07.00 | Kannoth |
| | 11.00 | Chevayoor |

വാല്യം 21 താമരമൊട്ടുകൾ ഏപ്രിൽ 2019 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 213 |
| 2. | പ്രോഗ്രാംഏപ്രിൽ 2019 | 215 |
| 3. | സർക്കുലർ -3 | 216 |
| 4. | സർക്കുലർ-4 | 219 |
| 5. | സർക്കുലർ | 221 |
| 6. | കച്ചേരികാര്യം | 229 |
| 7. | രൂപതാദിനം 2019 | 234 |
| 8. | മതബോധനം | 236 |
| 9. | സെമിനാരി വാർത്തകൾ | 239 |
| 10. | അൾത്താര ശുശ്രൂഷസംഘം | 240 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 240 |
| 12. | അൽഫോൻസ പാലിയേറ്റീവ് കെയർ | 242 |
| 13. | ക്രിസ്റ്റീൻ മിനിസ്ട്രി | 243 |
| 14. | ലിറ്റർജി കമ്മീഷൻ | 244 |
| 15. | ആൽഫാ മരിയ അക്കാദമി | 245 |
| 16. | മാതൃവേദി | 246 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 248 |
| 18. | കരിയർ വിഷൻ | 249 |
| 19. | മദ്യവിരുദ്ധ സമിതി | 250 |
| 20. | ഫാമിലി അപ്പോസ്റ്റലേറ്റ് | 250 |
| 21. | മരിയൻ പ്രോലൈഫ് | 251 |
| 22. | കുടുംബകൂട്ടായ്മ | 254 |
| 23. | ആദരാഞ്ജലികൾ | 255 |
| 24. | വിൻസെന്റ് ഡി പോൾ | 256 |
| 25. | അൽഫോൻസ കോളേജ് | 257 |
| 26. | കരിസ്മാറ്റിക് മൂവ്മെന്റ് | 259 |
| 27. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി | 261 |
| 28. | വികസനവേദി | 264 |
| 29. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 266 |
| 30. | സ്റ്റാർട്ട് | 267 |
| 31. | ആദരാഞ്ജലികൾ | 268 |
| 32. | കെ.സി.വൈ.എം. | 269 |
| 33. | പ്രളയ ദുരിതാശ്വാസ ഭവന നിർമ്മാണ പദ്ധതി | 275 |
| 34. | യേശുനിധി | 277 |
| 35. | അജപാലനക്കുറിപ്പുകൾ | 278 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Palliyodil Joseph Christie | April | 4 |
| Chelackal George | | 7 |
| Muttathukunnel Wilson | | 12 |
| Puthusseriputhenpura George | | 15 |
| Kanivelil Augustine CMI | | 15 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Alapattukotayil Joseph | | 19 |
| Thittayil Mathew | | 19 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karukamalil George | | 24 |
| Kazhikachalil George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Paimpillil George | | 24 |
| Puthusseriputhenpura George | | 24 |
| Thekkekaramattathil George | | 24 |
| Theendapara George MCBS | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഏപ്രിൽ 2019

| | | |
|---|---|---|
| 01 | തിങ്കൾ | മതബോധനം: **വിശ്വാസോത്സവം** (1-4) |
| 02 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർ സെഷൻ |
| 05 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 06 | ശനി | ബഥാനിയ: വിവാഹം നടക്കാത്ത യുവജനങ്ങൾക്ക് ധ്യാനം(6-10) |
| 07 | ഞായർ | മതബോധനം: വാർഷിക പരീക്ഷ<br>ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, തിരുവമ്പാടി ഹൗസ് ഹോൾഡ് |
| 08 | തിങ്കൾ | **മെത്രാഭിഷേകദിനം-മാർ റെമീജിയോസ് ഇഞ്ചനാനിയിൽ,**<br>പ്രീ-കാനാ കോഴ്സ് (8-11); മിഷൻലീഗ്: വചനോപാസി<br>ക്രിസ്റ്റീൻ: എഫാത്ത ട്രെയിനിംഗ് പ്രോഗ്രാം (8-12) |
| 09 | ചൊവ്വ | കൺസൾട്ടേഴ്സ് മീറ്റിംഗ്, ജീ.യൂത്ത്: സിറ്റി ഹൗസ് ഹോൾഡ് |
| 11 | വ്യാഴം | മതബോധനം: സ്കോളർഷിപ്പ് പരീക്ഷ |
| 12 | വെള്ളി | 40-ാം വെള്ളി, **4-ാമത് കുളത്തുവയൽ തീർത്ഥാടനം** |
| 13 | ശനി | ചരമദിനം: ഫാ. ജോസഫ് മാമ്പുഴ, ജീ.യൂത്ത്: സോണൽ വൺഡേ<br>PBI: Class for Advanced Diploma Course in Theology |
| 14 | ഞായർ | **ഓശാന ഞായർ**<br>PBI: Course for the Extraordinary Ministers of Holy Communion (Rev. Sisters) (14-15)<br>ജീസസ്സ് യൂത്ത്: പോൾ സെഷൻ 3, സ്റ്റുവേർഡ്ഷിപ്പ് സെഷൻ 4 |
| 15 | തിങ്കൾ | അഭിഷേക തൈല വെഞ്ചരിപ്പ്,<br>**വൈദികരുടെ പൊതു മാസധ്യാനം** - താമരശ്ശേരി<br>ജീസസ്സ് യൂത്ത്: കുരിശിന്റെ വഴി വയനാട് |
| 18 | വ്യാഴം | **പെസഹാ വ്യാഴം** |
| 19 | വെള്ളി | **ദുഃഖവെള്ളി** |
| 20 | ശനി | വലിയ ശനി; ചരമദിനം: മോൺ. ഫ്രാൻസിസ് ആറുപറയിൽ |
| 21 | ഞായർ | **ഈസ്റ്റർ** |
| 22 | തിങ്കൾ | ക്രിസ്റ്റീൻ: എഫാത്ത ട്രെയിനിംഗ് പ്രോഗ്രാം (22/4-01/5) |
| 24 | ബുധൻ | **വി. ഗീവർഗ്ഗീസ്,** മിഷൻലീഗ്: ഗ്രാൻ മാസ്റ്റേഴ്സ് ക്യാമ്പ് (24-27) |
| 25 | വ്യാഴം | വി. മർക്കോസ് |
| 27 | ശനി | **രൂപതാദിനാഘോഷം,** സിയന്നായിലെ വി. കത്രീന<br>മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ്<br>PBI: Youth Theology Course<br>കെ.സി.വൈ.എം.: റിസോഴ്സ് ടീം കോൺടാക്ട് ക്ലാസ്, ലീഡർഷിപ്പ് ട്രെയിനിംഗ്<br>ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം |
| 28 | ഞായർ | ജീസസ്സ് യൂത്ത്: സ്റ്റുവേർഡ്ഷിപ്പ് സെഷൻ 5, പോൾ സെഷൻ 4 |
| 29 | തിങ്കൾ | സിയന്നായിലെ വി. കത്രീന |

സർക്കുലർ 03/2019

# യേശുനിധി 2019

മിശിഹായിൽ പ്രിയപ്പെട്ടവരേ,

യേശുക്രിസ്തുവിന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും വലിയ ആഴ്ചയിലേക്ക് പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തികളിലൂടെയും നാം കടന്നുപോകുകയാണ്. അനുതപിച്ചുകൊണ്ട് പാപമോചനം നേടുവാനും പാപങ്ങൾക്ക് പരിഹാരം ചെയ്ത് കർത്താവിനോടൊത്ത് കുരിശിന്റെ പാതയിൽകൂടി ഉയിർപ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുവാനുള്ള ദൈവീകാഹ്വാനമാണ് ഈ നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്.

പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തികളിലൂടെയും നോമ്പുകാല ചൈതന്യത്തിൽ വലിയ ആഴ്ചയിലേക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങളോട് ഒരിക്കൽകൂടി നമ്മുടെ രൂപതയിലെ ഏറ്റവും വലിയ ജീവകാരുണ്യസംഭാവനയായ യേശുനിധിയെക്കുറിച്ച് പറയുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവം നമുക്ക് നൽകാത്തതൊന്നും നമ്മിൽ നിന്ന് അവിടുന്ന് ആവശ്യപ്പെടുന്നില്ല. “ആദ്യം അവിടുന്ന് നമ്മെ സ്നേഹിച്ചു. അതിനാൽ, നാമും അവിടുത്തെ സ്നേഹിക്കുന്നു” (1 യോഹ. 4:19). നമ്മുടെയും മനുഷ്യകുലം മുഴുവന്റെയും രക്ഷയ്ക്കായി മനുഷ്യനാവുകയും മാനുഷിക ജീവിതാനുഭവങ്ങളെ പിതാവുമായുള്ള സ്നേഹബന്ധത്തിൽ രക്ഷാകരമാക്കുകയും ചെയ്ത യേശുക്രിസ്തുവിനോടുള്ള വ്യക്തിപരമായ സ്നേഹബന്ധമാണ് ഓരോ ക്രൈസ്തവന്റെയും ജീവിതത്തിന്റെ അടിസ്ഥാനശില. ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു എന്ന യേശുവിന്റെ വാക്കുകൾ ദൈവസ്നേഹത്തിന്റെ മാനുഷികഭാഷയിലുള്ള അവതരണമാണ്. യേശുക്രിസ്തുവഴി പിതാവായ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ നാം ഓരോരുത്തരും യേശുവിനെപ്പോലെ “സ്നേഹിതനുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു” (യോഹ. 10:11). കാരണം സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല. സഹായമർഹിക്കുന്ന എല്ലാവരെയും സഹോദരങ്ങളായും അയൽക്കാരായും കാണണമെന്ന് യേശു നമ്മെ പഠിപ്പിച്ചു. മറ്റുള്ളവരുടെ നന്മ ആഗ്ര

ഹിക്കുക, അവരുടെ ദുഃഖങ്ങളിൽ ആശ്വസിപ്പിക്കുക, മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക, സാമ്പത്തിക ക്ലേശങ്ങളിൽ സഹായിക്കുക ഇവയെല്ലാമാണ് യഥാർത്ഥ സ്നേഹത്തിന്റെ പ്രകടനങ്ങൾ. ഈ സഹോദരസ്നേഹത്തിന്റെ പ്രകടനമാണ് യേശുനിധി.

യഥാർത്ഥ സന്തോഷവും നിത്യജീവൻ നേടാൻ എന്താണ് ചെയ്യേണ്ടതെന്നും ധനികനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമ നമ്മ പഠിപ്പിക്കുന്നു. ലാസർ എന്ന പേരിന്റെ അർത്ഥംതന്നെ 'ദൈവം സഹായിക്കുന്നു' എന്നാണ്. സമുദായഭ്രഷ്ടനെന്ന നിലയിലാണ് അയാളെ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ദൈവം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് ലാസർ. മറ്റു വ്യക്തികൾ, നമ്മുടെ സഹോദരങ്ങൾ, നമ്മുടെ സഹായം അർഹിക്കുന്നവർ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. സമ്പന്നന്റെ വാതിൽപടിക്കൽ കിടക്കുന്ന ദരിദ്രൻ ഒരു ശല്യമല്ല, മറിച്ച് മാനസാന്തരത്തിനും മാറ്റത്തിനുവേണ്ടിയുള്ള വിളിയാണ്. ഓരോ വ്യക്തിയും ഓരോ ദാനമാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണുവാനുവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം.

നമ്മുടെ രൂപതയിലെ സഹായമർഹിക്കുന്ന സഹോദരങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി യേശുനിധി ആരംഭിച്ചിട്ട് 23 വർഷങ്ങൾ പൂർത്തിയാവുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ഉദാരമായ സഹകരണമാണ് യേശുനിധിയെ രൂപതയിലെ ഏറ്റവും വിലയ ജീവകാരുണ്യഫണ്ടായി രൂപപ്പെടുത്തിയിരിക്കുന്നത്. യേശുനിധി ആരംഭിച്ചതുമുതൽ ഉദാരമായ സഹകരണമാണ് രൂപതാംഗങ്ങൾ ഓരോരുത്തരും നൽകിവരുന്നത്. 2018-19 വർഷത്തിൽ നമ്മുടെ ഇടവകകളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽ നിന്നുമായി 58,30,004/-രൂപ യേശുനിധിയിൽ ലഭിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആരംഭം മുതൽ 2019 മാർച്ച് വരെ 598 കുടുംബങ്ങൾക്ക് യേശുനിധിയിൽ നിന്ന് സഹായം നൽകുവാൻ സാധിച്ചു. ബഹു. വികാരിയച്ചന്മാരുടെ ശുപാർശയോടെ രൂപതാകേന്ദ്രത്തിൽ എത്തുന്ന അപേക്ഷകൾ യേശുനിധി കമ്മിറ്റി പരിശോധിക്കുകയും കാലതാമസമില്ലാതെ അപേക്ഷകർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസം, ഭവന നിർമ്മാണം, വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കാണ് യേശുനിധിയിൽ നിന്ന് സഹായം നൽകികൊണ്ടിരിക്കുന്നത്. എല്ലാവരുടെയും ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ സാധിക്കു

ന്നില്ലെങ്കിലും സഹായമർഹിക്കുന്ന കുടുംബങ്ങളുടെയും വ്യക്തികളുടെയും ആവശ്യങ്ങളിൽ തെല്ലാശ്വാസം പകരാൻ യേശുനിധിയ്ക്ക് കഴിയുന്നുണ്ട് എന്നത് നമുക്ക് സംതൃപ്തി നൽകുന്നു. ഇക്കാര്യത്തിൽ തമ്പുരാൻ നൽകുന്ന വലിയ പ്രതിഫലം യേശുനിധിയുമായി സഹകരിക്കുന്ന നമുക്കെല്ലാവർക്കും ലഭിക്കുമെന്ന് ഉറപ്പാണ്.

ഈ വർഷവും ഓശാന ഞായറാഴ്ച വി. കുർബാനമദ്ധ്യേയാണ് യേശുനിധിയിലേക്കുള്ള സംഭാവന സ്തോത്രക്കാഴ്ചയായി നൽകേണ്ടത്. ഇതിനാവശ്യമായ കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്നതായിരിക്കും. സഹായം അർഹിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ഏറ്റവും കുറഞ്ഞത് നിങ്ങളുടെ കുടുംബത്തിന്റെ ഒരു ദിവസത്തെ വരുമാനമെങ്കിലും നൽകണമെന്ന് പാവപ്പെട്ടവർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. ശമ്പളം ലഭിക്കുന്നവർ ഒരു ദിവസത്തെ വേതനവും മറ്റുള്ളവർ വരവനുസരിച്ച് ആനുപാതികമായ സംഖ്യയും യേശുനിധിയിലേക്ക് നൽകുക. നമ്മൾ നൽകുന്ന ചെറിയ തുകയും അനേകം പേരുടെ ജീവിതത്തിന് പ്രത്യാശ നൽകുവാൻ ഉപകരിക്കും. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ നൽകിയപ്പോഴെല്ലാം അത് എനിക്ക് തന്നെയാണ് നൽകിയത് എന്ന ക്രിസ്തുനാഥന്റെ തിരുമൊഴികൾ നമുക്ക് പ്രചോദനമാകട്ടെ.

നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായ വലിയ ആഴ്ചയും സന്തോഷകരമായ ഉയിർപ്പ് തിരുനാളും ആശംസിക്കുന്നു. നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും യേശു സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ ഏപ്രിൽ 7-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3183/K-5/KCBC/OL/DS

# 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയുംസാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികളെ പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്രപുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവ

കാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംര ക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കി യിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യ ത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാത യിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാന ശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങ ളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാ ധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാ ര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പ ത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റു ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരി ദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണ ക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാ ധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പ ത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരി സ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തി നനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതി രിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടു

വീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരി കധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയത്തിനു മുതിരുന്നത് ജനാധിപത്യസംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയുംനിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ്

നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

---

NB: 2019 ഏപ്രിൽ 7-ാം തീയതി ഈ സർക്കുലർ പള്ളികളിൽ വായിക്കേണ്ടതാണ്



സർക്കുലർ 04/2019

# രൂപതാദിനം 2019

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങളെ കുറിച്ച് അറിയിക്കുന്നതിനാണ് ഞാൻ നിങ്ങൾക്കെഴുതുന്നത്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ താമരശ്ശേരി രൂപത സ്ഥാപിച്ചത് 1986 ഏപ്രിൽ 28 നാണല്ലോ. രൂപത സ്ഥാപിതമായിട്ട് 33 വർഷങ്ങൾ പൂർത്തിയാവുകയാണ്. കഴിഞ്ഞുപോയ കാലഘട്ടങ്ങളിൽ ദൈവം നമ്മുടെമേൽ വർഷിച്ച അനുഗ്രഹങ്ങൾക്കും കൃപകൾക്കും നന്ദിപറയുവാനും മുന്നോട്ടുള്ള യാത്രയിൽ ദൈവത്തിന്റെ പരിപാലന യാചിക്കാനുമുള്ള ഒരവസരമാണ് രൂപതാദിനം. രൂപതാംഗങ്ങളുടെ സന്തോഷവും സാഹോദര്യവും ഐക്യവും പങ്കുവയ്ക്കുവാനുള്ള ഒരുദിനം കൂടിയാണിത്.

ഈ വർഷം ഏപ്രിൽ 27 ശനിയാഴ്ച കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിലാണ് നാം രൂപതാദിനം ആചരിക്കുന്നത്. രാവിലെ 9 മണിക്ക് ദിവ്യബലിയോടെ ആരംഭിക്കുന്ന രൂപതാദിന പരിപാടികൾ ഉച്ചഭക്ഷണത്തോടെ അവസാനിക്കത്തക്കവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൃതജ്ഞതാബലി, പ്രതിനിധി സമ്മേളനങ്ങൾ, പൊതുസമ്മേളനം എന്നിവയാണ് മുഖ്യപരിപാടികൾ. പൊതുസമ്മേളനത്തിൽ പൗരോഹിത്യ, സന്ന്യസ്ത, വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്നവരെയും വിവിധ സേവനരംഗങ്ങളിൽ സവിശേഷമായ സംഭാവനകൾ നൽകിയിട്ടുള്ളവരെയും ആദരിക്കുന്നുണ്ട്. രൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങളും പൊതുസമ്മേളനത്തിൽ വച്ച് നൽകുന്നു. ബഹു. വൈദികർക്കും സന്ന്യസ്തർക്കും അത്മായ പ്രതിനിധികൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേകമായി പ്രതിനിധി സമ്മേളനങ്ങൾ ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ ഇടവകകളിൽ നിന്ന് ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ പാരിഷ് കൗൺസിൽ അംഗങ്ങളും പാരിഷ് സെക്രട്ടറിയും എല്ലാ ഭക്തസംഘടനകളുടെയും രൂപതാ-മേഖല ഭാരവാഹികളും മുതിർന്നവരുടെ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രൂപതാദിനാഘോഷങ്ങൾ നമ്മുടെ കൂട്ടായ്മയുടെയും വിശ്വാസ പ്രഘോഷണത്തിന്റെയും സാക്ഷ്യമാക്കി മാറ്റുന്നതിന് എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ ഏപ്രിൽ 21-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3180/K-5/KCBC/OL/DS

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2019

മിശിഹായിൽ പ്രിയസഹോദരീ സഹോദരന്മാരെ, പ്രിയപ്പെട്ട തൊഴിലാളികളെ,

1. നമ്മുടെ ഗുരുവും നാഥനുമായ യേശു, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019-ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലക ളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാ വശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് "എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യം മുഴക്കി 1886-ൽ ചിക്കാ ഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്. സഹനത്തിന്റെ എല്ലാ പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട സംഘടിതശക്തി യുടെ ആത്മധൈര്യം

മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറവിളി ഉയർന്നത്. അതുകൊണ്ടുതന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടാ യിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതിവിവരണക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസുന്തിലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറ ത്തിറക്കിയ റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹി ക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയി രിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനിക രുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്യത്തിന്റെ നിലയില്ലാക യങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011-12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017-18ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലാ യ്മ നിരക്ക് ഭയപ്പെടുത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജന ങ്ങൾ തൊഴിൽരഹിത രാണ്. നഗരങ്ങളിൽ ഇത് 22.9 ശതമാനം ആണ്. നോട്ടു

നിരോധനം വഴിയും ജി.എസ്.ടി യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തുപോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷികമേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾ പ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവ സ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾ പ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽ നിന്നു ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതി വിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേ ണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴി ലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെ ട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത് ഖേദകരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരി ക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽഏതാണ്ട് മുഴുവൻ പേരും അസംഘടി തമേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങ ളിലെ അംഗങ്ങളുമാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടന ങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘ ടിത തൊഴിലാളികളുടെയും ജീവിതത്തെയും ജീവിത സാഹചര്യങ്ങളെ യുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാന ങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവ സ്ഥയിൽ അകപ്പെട്ടു പോകുന്ന യുവത്വം വഴിവിട്ട ധനാഗമ മാർഗങ്ങളി ലേക്കും തീവ്രവാദത്തിലേക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യ ത്തോടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരി ക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ പടല പിണക്കങ്ങളും സങ്കുചിതമായ കക്ഷിതാത്പര്യങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ്ദിനം പങ്കുവെയ്ക്കുന്ന സന്ദേശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളി കളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതു മൂലം സ്വാധീന ശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനുതീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതി കമായ വികസന വിഹിതവും ഇവർക്കു നിഷേധിക്ക പ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമമാത്ര കർഷ കരെയും അസംഘടിത തൊഴിലാളികൾ എന്ന

വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തി യിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിതപദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഓരോ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കു കയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനുമാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരി ക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മീകതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോ ലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരള സഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സി. ബി സി ഐ ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തി ക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജന പ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടന ത്തിനും ശക്തീകരണ ത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഗാർഹീക തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ചെറുകിട

തോട്ടംതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർവാഹനത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തന ങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളി കളുടെ ക്ഷേമ കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12.സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃതമുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ട തെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31)അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരി ത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ ക്രിസ്തു അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവ നയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം നെയാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസ സമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരുംത്തന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിലും രക്ഷാകർമത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ്

തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബിഷപ്പ് അലക്സ് വടക്കുംതല
**(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)**

ബിഷപ്പ് മാർ ജോസ് പുത്തൻ വീട്ടിൽ
**(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)**

ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്
**(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)**

---

NB: 2019 ഏപ്രിൽ 21-ാം തീയതി ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം

# കച്ചേരിക്കാര്യം

### 1. വൈദികരുടെ നിയമനം

ഫാ. ജോർജ് ചെമ്പരത്തിക്കൽ : വികാരി, മൈലെള്ളാംപാറ (അധിക ചുമതല)

ഫാ. ജോസ് കാനച്ചിക്കുഴി : മൈലെള്ളാംപാറ ചുമതലയിൽ നിന്ന് വിടുതൽ

### 2. മെത്രാഭിഷേകദിനം

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം എപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 9 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുന്നതോടൊപ്പം പിതാവ് ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഇക്കാര്യം ഇടവകജനങ്ങളെ അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 3. 4-ാമത് കുളത്തുവയൽ തീർത്ഥാടനം

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നാലാമത് കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ ഏപ്രിൽ 12-ാം തീയതി ഈ വർഷവും സംഘടിപ്പിച്ചിരിക്കുന്നു. 2019 ഏപ്രിൽ 11 വ്യാഴാഴ്ച രാത്രി 11.30

ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കാൽനടയാത്ര താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർത്ഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിയോടെ എത്തിച്ചേരുന്നതാണ്. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നത് മാനന്തവാടി രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

### 4. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നമ്മുടെ പതിവനുസരിച്ച് വലിയ നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും അഭിഷേകതൈല വെഞ്ചരിപ്പും 2019 ഏപ്രിൽ 15 തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുന്നു. കുമ്പസാരത്തിനുള്ള അവസരം പതിവുപോലെ ക്രമീകരിക്കുന്നതാണ്. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത് രൂപതാഭവനിലാണ്. ഇടവകകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

### 5. യേശുനിധി 2019

നമ്മുടെ ജീവ കാരുണ്യ പ്രവർത്തന ഫണ്ടായ യേശുനിധിയിലേക്കുള്ള ഈ വർഷത്തെ സംഭാവന പതിവുപോലെ ഓശാന ഞായറാഴ്ചയായ ഏപ്രിൽ 14 ന് വി. കുർബാനമദ്ധ്യേ സമർപ്പിക്കേണ്ടതാണ്. ഇതിനായി നൽകിയിരിക്കുന്ന കവറുകൾ യഥാസമയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 6. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനായാണ് ഉപയോഗിക്കുന്നത്. അത് അയച്ചുകൊടുക്കുന്നതിന് വേണ്ടി താമസം കൂടാതെ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 7. രൂപതാദിനം 2019

കഴിഞ്ഞലക്കം താമരമൊട്ടുകളിൽ അറിയിച്ചതുപോലെ ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ ഏപ്രിൽ 27 ശനിയാഴ്ച കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ നടക്കുന്നു. രൂപതാദിനത്തോടനുബന്ധിച്ച് കൃത

ജ്ഞതാബലിയും പ്രതിനിധി സമ്മേളനങ്ങളും പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. വൈദികരും സിസ്റ്റർ സുപ്പീരിയർമാരും തങ്ങൾക്കായുള്ള പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷത്തെ അത്മായ പ്രതിനിധി സമ്മേളനത്തിൽ 2019-22 വർഷങ്ങളിലേക്ക് ഇടവകകളിൽ നിന്ന് പാരിഷ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാവരും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. പള്ളിച്ചെലവിൽ ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. രൂപതാദിനാഘോഷത്തിന്റെ വിശദവിവരങ്ങൾ ഈ ലക്കം താമരമൊട്ടുകളിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

### 8. വൈദികരുടെ സ്ഥലമാറ്റം

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2019 മെയ് 4 ശനിയാഴ്ചയായിരിക്കും. മെയ് 5 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

### 9. സ്റ്റാറ്റിസ്റ്റിക്കൽ ഫോം

നമ്മുടെ ഇടവകകളിലെ കുടുംബങ്ങളെയും സ്ഥാപനങ്ങളെയും സംബന്ധിച്ചുള്ള വാർഷിക സ്റ്റാറ്റിസ്റ്റിക്കൽ ഫോം പൂരിപ്പിച്ച് എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 10. ആണ്ടുതെരട്ട് പാസാക്കൽ, രൂപതാവിഹിതം (7.5%)

വാർഷിക തെരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരെ അംഗീകരിക്കുന്നതിനും മുമ്പായി രൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന രൂപതാവിഹിതം (7.5%) പൂർണ്ണമായും രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. താഴെപ്പറയുന്ന വരുമാനങ്ങളുടെ 7.5 ശതമാനമാണ് രൂപതാ വിഹിതമായി നൽകേണ്ടത്: നേർച്ച, നടവരവ്, അടിമ, കഴുന്ന്, പുത്തിരിത്തിരുനാൾ, ഞാറാഴ്ച പിരിവ്, പലിശ, വാടക, കൃഷിയിനത്തിലെ വരവ് (ചെലവുകഴിച്ചുള്ള വരവ്), പലവക വരവ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാർ എല്ലാ ഇടവകകളിലും സാധിക്കുന്നിടത്തോളം ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതാണ്. അതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുവാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

### 11. പാസ്റ്ററൽ കൗൺസിൽ

പത്താം രൂപത പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സമ്മേളനം 2019 മെയ് 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി രൂപതാഭവനിൽ വച്ച് ചേരുന്നതാണ്. അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു.

## 12. ബഹു. സിസ്റ്റേഴ്സിന് സെമിനാർ

നമ്മുടെ ഇടവകകളിൽ വി. കുർബാന നൽകുന്നതിന് സഹായിക്കുന്ന ബഹു. സിസ്റ്റേഴ്സിനായുള്ള സെമിനാർ 2 ബാച്ചുകളിലായി നടത്തുന്നു. 2019 മെയ് 12 -ാം തീയതി 3 മണിക്ക് ആരംഭിച്ച് 13-ാം തീയതി ഉച്ചകഴിഞ്ഞ് 1 മണിവരെ നീണ്ടുനിൽക്കുന്നതാണ് ഒന്നാമത്തെ ബാച്ച്. മെയ് 19-ാം തീയതി ഉച്ചകഴിഞ്ഞ് 3 മുതൽ 20-ാം തീയതി ഉച്ചകഴിഞ്ഞ് 1 മണി വരെ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനപരിപാടി നടക്കുന്നതാണ്. പി.എം.ഒ.സി.യിലാണ് പരിശീലനപരിപാടി ക്രമീകരിച്ചിരിക്കുന്നത്. വി. കുർബാന നൽകുകയെന്ന മഹത്തായ ശുശ്രൂഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ സിസ്റ്റേഴ്സും ഏതെങ്കിലും ഒരു ബാച്ചിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് സ്വന്തമാക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ഏപ്രിൽ 30 ന് മുമ്പ് പി.എം.ഒ.സി.യിലുള്ള പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകേണ്ടതാണ്.

## 13. പുതിയ മേൽവിലാസം

ബഹു. സെബാസ്റ്റ്യൻ മുരിങ്ങയിലച്ചൻ ജർമ്മനിയിലെ അജപാലനശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. പുതിയ സേവനമേഖലയിൽ അച്ചന് ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു. മേൽവിലാസം:

Herrn Rojy Thomas Muringayil
St. -Magnus-StraBe 2
28217 Bremen, Germany
Mob. 0049 42162009033

## 14. ആദരഞ്ജലികൾ

താമരശ്ശേരി പ്രൊവിൻസ് തിരുഹൃദയ സന്യാസിനി സമൂഹാംഗം **സി. മേരി ബെനഡിക്ട് (82)** 2019 മാർച്ച് 23 ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 24-ാം തീയതി ഉച്ചകഴിഞ്ഞ് കുളത്തുവയൽ സെന്റ് ജോർജ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് കാർമ്മികത്വം വഹിച്ചു. ബഹു. സഹോദരിയുടെ വേർപാടിൽ രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

താമരശ്ശേരി പ്രൊവിൻസ് എം.എസ്.എം.ഐ. സന്യാസിനി സമൂഹാംഗം **സി. സിസിലി മുകളത്ത് (73)** 2019 മാർച്ച് 23 ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 24-ാം തീയതി ഉച്ചകഴിഞ്ഞ് ചമൽ സെന്റ് ജോർജ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് കാർമ്മികത്വം വഹിച്ചു. ബഹു. സഹോദരിയുടെ വേർപാടിൽ രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**15. സ്മരണാഞ്ജലി**

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**




**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**
04.04.2006

**മോൺ. ഫ്രാൻസീസ് ആറുപറയിൽ**
20.04.2012

# രൂപതാദിനം 2019

ഏപ്രിൽ 27 ന് കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയങ്കണത്തിൽ വച്ച് നടക്കുന്ന 33-ാമത് രൂപതാദിനാഘോഷങ്ങൾ രൂപതയുടെ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും അവസരമാക്കുവാനുള്ള ക്രമീകരണകൾ ആരംഭിച്ചു. പെരിയ ബഹു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചന്റെ അദ്ധ്യക്ഷതയിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ഇടവകയിൽ ഫൊറോനയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കൂരാച്ചുണ്ട് ഇടവകയിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ ഒരുമിച്ച് ചേർന്ന് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് രൂപതാദിനത്തിന്റെ പ്രാഥമികമായ തയ്യാറെടുപ്പുകൾക്ക് രൂപം നൽകി.

## രൂപതാദിന പരിപാടികൾ

08.45 a.m. : **പതാക ഉയർത്തൽ**

09.00 a.m. : **രൂപതാദിന കൃതജ്ഞതാബലി**

കൂരാച്ചുണ്ട് സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ

കാർമ്മികർ :

**അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

10.45 a.m. : **പ്രതിനിധി സമ്മേളനങ്ങൾ**

**വേദി 1** : **ഓപ്പൺ ഓഡിറ്റോറിയം, കൂരാച്ചുണ്ട് ഗ്രൗണ്ട്**

ഗ്രൂപ്പ് : ഇടവകകളിൽ നിന്ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങൾ, പാരിഷ് സെക്രട്ടറി, സംഘടന ഭാരവാഹികൾ

**വേദി 2** : സെന്റ് തോമസ് ദൈവാലയം

ഗ്രൂപ്പ് : ബഹു. വൈദികരും, സിസ്റ്റർ സുപ്പീരിയർമാരും

ക്ലാസ്സ് : **മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ ബിഷപ്

**വേദി 3** : **യു.പി. സ്കൂൾ ഓഡിറ്റോറിയം**

ഗ്രൂപ്പ് : യുവജനങ്ങൾ

ക്ലാസ് : സ്റ്റേറ്റ് റിസോഴ്സ് ടീം

**വേദി 4 : പാരിഷ് ഹാൾ**

ഗ്രൂപ്പ് : മിഷൻലീഗ് അംഗങ്ങൾ
ക്ലാസ്സ് : ഫാ. ജോസഫ് വേങ്ങക്കുന്നേൽ
ഡയറക്ടർ മിഷൻലീഗ്, തലശ്ശേരി

12.00 noon : **രൂപതാദിന പൊതുസമ്മേളനം**

അദ്ധ്യക്ഷൻ : **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

ഉദ്ഘാടകൻ : **മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
ആശംസകൾ, ആദരിക്കൽ, സമ്മാനദാനം

01.15 p.m. : ഉച്ചഭക്ഷണം

**ആദരിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കൽ**

രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്ന പൊതുസമ്മേളനത്തിൽ ആദരിക്കേണ്ടവരുടെ ലിസ്റ്റ് എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. വിവാഹ, സമർപ്പിത ജീവിതരംഗങ്ങളിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ, വിവിധ സേവനരംഗങ്ങളിൽ മികവ് പുലർത്തുന്നവർ എന്നിവരെയാണ് ആദരിക്കുന്നത്. ആദരിക്കേണ്ടവരുടെ പേരുവിവരങ്ങൾ ഏപ്രിൽ 15ന് മുമ്പ് വൈസ് ചാൻസലറച്ചനെ അറിയിക്കേണ്ടതാണ്.

**രൂപതാദിന മത്സരങ്ങൾ**

രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ പ്രസംഗ മത്സരത്തിലും, ഷട്ടിൽ, വോളിബോൾ ടൂർണമെന്റിലും പങ്കാളിത്തം വർദ്ധിപ്പിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ 2019 മാർച്ച് ലക്കം താമരമൊട്ടുകളിൽ (പേജ് 172-175) കൊടുത്തിരിക്കുന്നു.

**കോർഡിനേറ്റേഴ്സ്**

**ഫാ. ജെയിംസ് വാമറ്റത്തിൽ**
ഫൊറോന വികാരി, കൂരാച്ചുണ്ട്

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
വൈസ് ചാൻസലർ

**പ്രൊഫ. ചാക്കോ കാളംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

ഉത്ഥാനം എന്ന ഒറ്റക്കല്ലിനെ ആധാരശിലയാക്കി പണിയപ്പെട്ട വിശ്വാസ സൗധമാണ് തിരുസഭ. ഉയിർപ്പുതിരുനാളിലേക്ക് പ്രവേശിക്കാൻ നോമ്പുകാലത്തിന്റെ പുണ്യ ദിനങ്ങളിലൂടെ നാം ഒരുങ്ങുമ്പോൾ പിന്നിട്ട ദിവസങ്ങളിൽ നാം ചെയ്ത സുകൃതങ്ങളും സൽപ്രവർത്തികളും മുന്നോട്ടുള്ള ജീവിതത്തിൽ നമുക്ക് മുതൽ കൂട്ടാവട്ടെ. വിശ്വാസോത്സവ ദിനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ കുഞ്ഞുങ്ങളുടെ വിശ്വാസജീവിതം കൂടുതൽ ആഴപ്പെടുവാൻ ഈ ദിനങ്ങളിലെ പ്രവർത്തനങ്ങളിലൂടെ നമുക്ക് പരിശ്രമിക്കാം. ഈ അദ്ധ്യയന വർഷത്തിന്റെ അവസാനദിനങ്ങളിലേക്ക് നാം പ്രവേശിക്കുമ്പോൾ വികാരിയച്ചന്മാരെയും മതാധ്യാപകരെയും ഏറ്റവും നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ.

## വിശ്വാസോത്സവ അധ്യാപക പഠനശിബിരം

മാർച്ച്, 09, 10, 17 തിയ്യതികളിൽ രൂപതയിലെ മുഴുവൻ മതാധ്യാപകരെയും ഉൾപ്പെടുത്തി രൂപതയിലെ എട്ട് സെന്ററുകളിലായി (പുതുപ്പാടി, വിലങ്ങാട്, കൂരാച്ചുണ്ട്, തിരുവമ്പാടി, പാറോപ്പടി, മലപ്പുറം, തോട്ടുമുക്കം, പെരിന്തൽമണ്ണ) വിശ്വാസോത്സവ പഠനശിബിരം നടത്തുകയുണ്ടായി. രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടേയും സിസ്റ്റേഴ്സിന്റെയും മതാധ്യാപകരുടേയും നേതൃത്വത്തിലുള്ള നാല് ടീമുകളാണ് ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത്. എല്ലാവർക്കും പ്രത്യേകം നന്ദി.

## ഫിയാത്ത് മിഷൻ : ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി

കഴിഞ്ഞ വർഷം നടത്തിയതുപോലെ ഈ വർഷവും ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന "ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി"യിൽ നമ്മുടെ കുട്ടികളെ പങ്കുകാരാക്കാൻ ശ്രദ്ധിക്കുമല്ലോ. കുട്ടികൾ വീടുകളിൽ നിന്ന് പഴയ ബുക്ക്, പേപ്പർ എന്നിവ വിശ്വാസോത്സവം നടക്കുന്ന ദിവസങ്ങളിൽ (ഏപ്രിൽ 1 - 4) കൊണ്ടുവരികയും അധ്യാപകരുടെ നേതൃത്വത്തിൽ ശേഖരിച്ച് അത് ഏതെങ്കിലും 5 സെന്ററുകളിൽ (പെരിന്തൽമണ്ണ, താമരശ്ശേരി, കൂരാച്ചുണ്ട്, മരുതോങ്കര, പി. എം. ഒ. സി) എത്തിക്കുകയും ചെയ്യേണ്ടതാണ്.

## Advanced Self-Study Programme for Catechisam Teachers

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കി മാർച്ച് 31 - ഞായറാഴ്ച 02 മുതൽ 04 വരെ മതാധ്യാപകർക്കായി പരീക്ഷ നടത്തുകയുണ്ടായി.

ഉത്തരപേപ്പറുകൾ കവറുകളിലാക്കി സ്കോളർഷിപ്പ് പരീക്ഷാ ദിവസം (ഏപ്രിൽ 11) മേഖലയിൽ എത്തിക്കുകയും മേഖലാ ഭാരവാഹികൾ അത് ഏപ്രിൽ 12-ന് മതബോധന ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ഇടവകയിൽ നിന്ന് ഗുരുദർശൻ പ്രോഗ്രാമിൽ പങ്കെടുത്ത മതാധ്യാപകരുടെ ലിസ്റ്റ് പരീക്ഷാ പേപ്പറിനോടൊപ്പം വയ്ക്കേണ്ടതാണ്.

### HCC SAY പരീക്ഷ

ഏപ്രിൽ 01 തിങ്കളാഴ്ച മൂന്നാം സേ പരീക്ഷ പി. എം. ഒ. സിയിൽ വച്ച് രാവിലെ 10.00 മണി മുതൽ 12.00 മണി വരെ നടക്കുന്നതാണ്. ഹാൾടിക്കറ്റ്/ വികാരിയച്ചന്റെ കത്ത് പരീക്ഷയ്ക്ക് നിർബന്ധമാണ്.

### മതബോധന വാർഷിക പരീക്ഷ

2018-2019 അധ്യയന വർഷത്തിലെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 07 ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 01.00 മണി വരെ ഇടവകകളിൽ നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ ഏപ്രിൽ 05-ന് മേഖലാഭാരവാഹികൾക്ക് മതബോധന ഓഫീസിൽ നിന്നും നൽകുന്നതാണ്.

### മതബോധന സ്കോളർഷിപ്പ് പരീക്ഷ

4 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ മേഖലകളിൽ നടക്കുന്നതാണ്. സ്കോളർഷിപ്പിന്റെ മൂല്യനിർണയം അന്നുതന്നെ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തി, 4, 7, 10, ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ മേഖലയിലെ 2 ഉത്തരക്കടലാസുകൾ 12-ാം തിയ്യതി വെള്ളിയാഴ്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### ക്വിസ് മത്സരം

കുട്ടികളിൽ അക്കാദമിക് എക്സലൻസ് വളർത്തുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ക്വിസ് മത്സരത്തിന്റെ മേഖലാതല മത്സരം ഏപ്രിൽ 08-നു മുൻപ് മേഖലാ കമ്മറ്റിയുടെ ഉത്തരവാദിത്വത്തിൽ നടത്തി, രണ്ട് വിഭാഗങ്ങളിലായി (STD V-VII, STD VIII-X) മൂന്നു വീതം കുട്ടികളുടെ പേരുകൾ മതബോധന ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.

രൂപതാ മത്സരം ഏപ്രിൽ 13 ശനിയാഴ്ച പി. എം. ഒ. സി. യിൽ വച്ച് രാവിലെ 10.00 മണി മുതൽ നടക്കുന്നതാണ്. **മാർക്ക് വിഭജനം: 1)** ഇതുവരെ ചോദിച്ച ചോദ്യ പേപ്പർ (10%) **2)** വിജ്ഞാനമുത്തുകൾ - പൊതുചോദ്യങ്ങൾ (20%) **3)** 2019 ജനുവരി 01 മുതലുള്ള പത്രവാർ ത്തകളുടെ വെളിച്ചത്തിൽ കേരളം (20%) ഇന്ത്യ (20%) ലോകം (20%) **4)** ജനറൽ ടോപ്പിക് (10%)

### രൂപതാമതബോധന കമ്മിറ്റി

അടുത്ത അദ്ധ്യയന വർഷത്തെ ആദ്യത്തെ രൂപതമതബോധന കമ്മിറ്റി മെയ് 11 ശനിയാഴ്ച അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ രൂപതാഭവനിൽ വച്ച് ചേരുന്നതാണ്.

### ഗുരുദർശൻ: മെയ് മാസത്തിൽ

മെയ് 27, 28 (തിങ്കൾ, ചൊവ്വ) @ PMOC
മെയ് 30, 31 (വ്യാഴം, വെള്ളി) @ PMOC

### ഡയറക്ടറച്ചന്റെ സന്ദർശനം

കക്കയം, ഈസ്റ്റ് ഹിൽ, പാലൂർക്കോട്ട ഇടവകകളിൽ സന്ദർശനം നടത്തി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, വിശ്വാസപരിശീലനം.

---

# സെമിനാരി വാർത്തകൾ

### പരീക്ഷ ....... അവധിക്കാലം

വാർഷിക പരീക്ഷയ്ക്കുശേഷം മാർച്ച് 15 മുതൽ 25 വരെ നീണ്ടു നിന്ന ഇന്റൻസീവ് ഇംഗ്ലീഷ് കോഴ്സിനും ശേഷം 26-ാം തിയ്യതി ഒന്നാം വർഷ സെമിനാരി വിദ്യാർത്ഥികൾക്ക് അവധി ആരംഭിച്ചു. മാർച്ച് 21 - ന് അവസാനിച്ച പ്ലസ് ടു പരീക്ഷയോടെയും, മാർച്ച് 27 ന് അവസാനിച്ച പ്ലസ് വൺ പരീക്ഷയോടെയും 2018-19 അധ്യയന വർഷത്തിന് അവസാനമായി. കഴിഞ്ഞ ഒരു വർഷം വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനും ക്ലാസ്സുകൾക്കും സഹായിച്ച എല്ലാ വൈദികരെയും അധ്യാപകരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

### മ്ശംമ്ശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ വൈദിക പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഏപ്രിൽ 13-ാം തിയ്യതി ശനിയാഴ്ച രാവിലെ താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്ന് മ്ശംമ്ശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്നു. എല്ലാ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും പ്രാർത്ഥനാശംസകൾ.

### ഫോർമേഷൻ ക്യാമ്പ്

മേജർ സെമിനാരി വൈദിക വിദ്യാർത്ഥികൾക്കുള്ള ഫോർമേഷൻ ക്യാമ്പുകൾ ഏപ്രിൽ 3 മുതൽ 12 വരെയുള്ള തിയ്യതികളിൽ അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 3 മുതൽ 7 വരെ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കും, ഏപ്രിൽ 7 മുതൽ 12 വരെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കുമായിട്ടാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. റവ. ഷാന്തി പുതുശ്ശേരി ക്യാമ്പുകൾക്ക് നേതത്വം നല്കും.

### അവധിക്കാല ക്യാമ്പുകൾ

കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള അവധിക്കാല ക്യാമ്പുകൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ധ്യാനങ്ങൾ എന്നിവയ്ക്ക് മേജർ സെമിനാരി വിദ്യാർത്ഥികളുടെ സേവനം ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭ്യമാണ്. സഹായം ആവശ്യമുള്ളവർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ സെമിനാരി

---

# അൽത്താര ശുശ്രൂഷാസംഘം

### ഭാരവാഹികളുടെ കൂട്ടായ്മ

അൾത്താര ശുശ്രൂഷകർക്ക് അച്ചന്മാർ നല്കുന്ന പരിശീലനത്തിനും പ്രോത്സാഹനത്തിനും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു. അൾത്താരശുശ്രൂഷാ ഭാരവാഹികളെ ഫൊറോനാ അടിസ്ഥാനത്തിൽ ഒരുമിച്ചുട്ടുവാൻ ആഗ്രഹിക്കുകയാണ്. ഏപ്രിൽ മാസത്തിലെ സൗകര്യപ്രദമായ ദിവസങ്ങളിൽ ഓരോ ഫൊറോനയിലും വച്ച് ഈ മീറ്റിംഗ് നടത്തുന്നതാണ്. മേഖലാ ഡയറക്ടേഴ്സ് വഴി സ്ഥലം അച്ചന്മാരെ അറിയിക്കും. എല്ലാ അൾത്താര ശുശ്രൂഷാ ഭാരവാഹികളെയും ഇതിൽ പങ്കെടുപ്പിക്കുവാൻ സഹായിക്കുമല്ലോ. ഇടവകയിലുള്ള അൾത്താര ശുശ്രൂഷകരുടെ ഒരു ലിസ്റ്റും വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

**ഫാ. ജേക്കബ് അരീത്തറ**

ഡയറക്ടർ, അൾത്താര ശുശ്രൂഷസംഘം

# മിഷൻലീഗ്

## ശാഖാ വിസിറ്റ്

പുഷ്പഗിരി തോട്ടുമുക്കം ശാഖയിൽ സന്ദർശനം നടത്തി. വി. ബലിയർപ്പിക്കുകയും കുട്ടികളോട് സംസാരിക്കുകയും ചെയ്തു.

## ടെലികിസ്

ടെലികിസിന്റെ 10-ാം എപ്പിസോഡിലെ വിജയി സലറ്റ് മരിയ ഷാജി കണ്ടത്തിൽ വാലില്ലാപുഴ ഇടവകാംഗമാണ്. രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

## ഗ്രാന്റ് മാസ്റ്റർ ക്യാമ്പ്

ഏപ്രിൽ 29 മുതൽ മെയ് 2 വരെ പി. ഓ. സി. യിൽ വച്ചു നടക്കുന്നു. 6-ാം ക്ലാസു മുതലുള്ള കുട്ടിൾക്കാണ് ഈ ക്യാമ്പിൽ പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 1200 രൂപയാണ്. എറണാകുളത്തു നിന്നുള്ള സെമിച്ചന്റെ നേതൃത്വത്തിലുള്ള ടീമാണ് ഈ വർഷം ക്യാമ്പ് നടത്തുന്നത്.

## ശാഖാ - മേഖല ഇലക്ഷൻ

വിശ്വാസോത്സവ ദിനങ്ങളിൽ എല്ലാ ശാഖകളിലും ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ നടത്തേണ്ടതാണ്. അതോടൊപ്പം തന്നെ മിഷൻ ലീഗിനോടും അതിന്റെ പ്രവർത്തനങ്ങളോടും താല്പര്യമുള്ള 2 മതാദ്ധ്യാപകരെ ശാഖ ഓർഗനൈസേഴ്സ് ആയി തിരഞ്ഞെടുക്കേണ്ടതാണ്.

മേഖലാഭാരവാഹികളുടെ കാലാവധി ഈ വർഷം പൂർത്തിയാകുന്ന തിനാൽ എല്ലാ മേഖലകളിലും ഏപ്രിൽ, 13, 14 തിയ്യതികളിലായി മേഖല ജൂനിയർ/ സീനിയർ ഇലക്ഷൻ പൂർത്തിയാക്കുകയും മേഖലാഭാരവാഹി കളുടെ ലിസ്റ്റ് - പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവ സഹിതം എത്രയും പെട്ടെന്ന് രൂപതയിൽ എത്തിക്കേണ്ടതുമാണ്.

## വചനോപാസി.

ഏപ്രിൽ 10 ബുധനാഴ്ച രാവിലെ 10 മണിക്ക് പി. എം. ഒ. സി യിൽ വച്ച് വചനോപാസി പ്രോഗ്രാം നടക്കുന്നു.

## വാർഷിക റിപ്പോർട്ട്

ശാഖ വാർഷിക റിപ്പോർട്ട് മേഖല ഇലക്ഷന് വരുമ്പോൾ മേഖലയിൽ എത്തിക്കുകയും, രൂപതാ ഓഫീസിൽ ഏപ്രിൽ 30 നുള്ളിൽ എത്തിക്കേണ്ടതുമാണ്.

## രൂപതാവാർഷികം

2018 – 2019 വർഷത്തെ രൂപത വാർഷികവും മാനേജിംഗ് കമ്മിറ്റിയും കൗൺസിലും ഏപ്രിൽ 8 തിങ്കളാഴ്ച തോട്ടുമുക്കം ഇടവകയിൽ വച്ചു നടക്കുന്നു. രൂപതാദ്ധ്യക്ഷൻ **അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്** ഉദ്ഘാടനം ചെയ്യുന്ന വാർഷിക സമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ **ഫാ. ജിമ്മി പൂച്ചകാട്ടിൽ** മുഖ്യാതിഥി ആയിരിക്കും.

## പൊതുനിർദ്ദേശങ്ങൾ:

1. രാവിലെ നടക്കുന്ന മാനേജിംഗ് കമ്മറ്റിയിലും കൗൺസിലിലും മേഖലയിൽ നിന്നുള്ള എല്ലാ മേഖലാ ഭാരവാഹികളും പങ്കെടുക്കേ ണ്ടതാണ്.

2. രൂപതാ കൗൺസിലിൽ മേഖലയിലെ എല്ലാ ശാഖാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

3. ഉച്ചകഴിഞ്ഞ് നടക്കുന്ന പൊതുസമ്മേളനത്തിലും റാലിയിലും എല്ലാ അംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

4. മേഖലാ തലത്തിൽ ഒരു വാഹനം ക്രമീകരിച്ച് എല്ലാവരും കൂടി ഒരുമിച്ചു വരുന്നത് ഉചിതമായിരിക്കും.

5. കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം മുൻകൂട്ടി രൂപത ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്.

## കാര്യപരിപാടികൾ: –

| | |
|---|---|
| 10.00 | : രജിസ്ട്രേഷൻ |
| 10.30 | : പതാക ഉയർത്തൽ |
| 10.40 | : ഉദ്ഘാടനം |
| 11.00 | : കൗൺസിൽ/ക്ലാസ്സ് |
| 11.45 | : മാനേജിംഗ് കമ്മിറ്റി |
| 1.00 | : ഉച്ചഭക്ഷണം |
| 1.45 | : പൊതുസമ്മേളനം |
| | : മുൻ രൂപതാ പ്രസിഡന്റുമാരെ ആദരിക്കൽ |
| 3.45 | : പ്രേഷിത റാലി (തോട്ടുമുക്കം അങ്ങാടിയിലേക്ക്) |
| 4.45 | : സമാപനം |

**അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# പാലിയേറ്റീവ് കെയർ

## യൂണിറ്റ് പ്രവർത്തനങ്ങൾ

നോമ്പുകാലത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകളിൽ രോഗീപരിചരണ സെമിനാറുകൾ നടത്തപ്പെടുകയും, രോഗികൾക്കായി പ്രത്യേക ശുശ്രൂഷകളും പരിപാടികളും നടത്തപ്പെടുകയും ചെയ്യുന്നു.

## മൊബൈൽ ക്ലിനിക്ക്

മൊബൈൽ ക്ലിനിക്കിന്റെ സേവനങ്ങൾ നന്നായി ഉപയോഗ പ്പെടുത്തുന്നു. ധാരാളം രോഗികൾ സൗജന്യമായി ചികിത്സ നേടിക്കൊ ണ്ടിരിക്കുന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ് കെയർ

---

# ക്രിസ്റ്റീൻ മിനിസ്ട്രി

## ആനിമേറ്റേഴ്സ് സംഗമം

താമരശ്ശേരി രൂപതയിലെ ക്രിസ്റ്റീൻ ആനിമേറ്റേഴ്സിന്റെ സംഘമം മാർച്ച് 16, ശനിയാഴ്ച താമരശ്ശേരി അൽഫോൻസാ ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. സൈമൺ വള്ളോപ്പിള്ളി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. സി. ധന്യ എഫ്. സി. സി, സി. ജോസ്ന എം. എസ്. എം. ഐ. എന്നിവർ ക്ലാസെടുത്തു. ശ്രീ ജോണി മുളങ്കോത്രി അനുഭവസാക്ഷ്യം നൽകി. ശ്രീ. ജെനീഷ് വിലങ്ങുംപാറ (ക്രിസ്റ്റീൻ കോ-ഓർഡിനേറ്റർ) പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

## താപോർ – 2019

ക്രിസ്റ്റഫർ ട്രെയിനിംഗ് പ്രോഗ്രാമിൽ മുൻപ് പങ്കെടുത്ത 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്റ്റീൻ കൂട്ടുകാർക്കുവേണ്ടി ഏപ്രിൽ 11 മുതൽ 14 വരെ മക്കിയാട് യാഹ്‌വേ നിസ്സി പ്രെയർ സെന്ററിൽ വച്ച് തുടർപരിശീലനം നൽകുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള കൂട്ടുകാർ 'T –2019 – പേര് Mob. No. 'എന്നിവ 9539014810 എന്ന നമ്പറിൽ SMS ചെയ്യുക. ഫീസ് 500/– രൂപയാണ്.

## എഫ്ഫാത്ത – 2019

അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ക്രിസ്റ്റഫർ ട്രെയിനിംഗ് പ്രോഗ്രാം 'എഫ്ഫാത്ത – 2019' നടത്തുന്നു. മെയ് 6

മുതൽ 10 വരെ ചാത്തൻകോട്ടുനട റിട്രീറ്റ് സെന്ററിലും മെയ് 14 വരെ അഗസ്തൻ മുഴിയിലെ തൊണ്ടിമ്മൽ സാൻജോ പ്രതീക്ഷാ ഭവനിലും മെയ് 16 മുതൽ 20 വരെ മലപ്പുറം മരിയ ഭവനിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. പങ്കെടുക്കുന്ന കുട്ടികൾ ആനിമേറ്റർ വഴി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 800/- രൂപ.

**മിഷനിലേയ്ക്ക്**

രൂപതാഡയറക്ടർ ബഹുമാനപ്പെട്ട സൈമൺ വള്ളോപ്പിള്ളി അച്ചന്റേയും ആനിമേറ്റർ സി. ജോസ്ന M.S.M.I യുടെയും നേതൃത്വത്തിൽ ഏപ്രിൽ 24 മുതൽ മെയ് 5 വരെ ചാന്ദാമിഷനിൽ മിഷൻ പരിശീലനത്തിനുവേണ്ടി പോകുന്നു. എല്ലാവരുടേയും പ്രാർത്ഥനാ സഹായം യാചിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ ക്രിസ്റ്റീൻ മിനിസ്ട്രി

# ലിറ്റർജി കമ്മീഷൻ

മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിലുള്ള വി. കുർബ്ബാനയെക്കുറിച്ചുള്ള ക്ലാസ്സ് പി. എം. ഒ. സി. യിൽ വെച്ച് നടന്നു. വി. കുർബ്ബാനയും സഭാപിതാക്കന്മാരുടെ വീക്ഷണങ്ങളും എന്ന വിഷയത്തെക്കുറിച്ച് താമരശ്ശേരി സനാതന മേജർ സെമിനാരിയിലെ ഫാ. ഡെന്നീസ് പട്ടേരുപറമ്പിൽ ആണ് ക്ലാസ്സ് നയിച്ചത്. മാർച്ച് 23 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെയാണ് ക്ലാസ്സ് നടന്നത്. മുപ്പതോളം പേർ സംബന്ധിച്ചു.

ഏപ്രിൽ, മെയ് മാസങ്ങളിൽ ക്ലാസ്സ് ഉണ്ടായിരിക്കില്ല. അടുത്ത ക്ലാസ്സ് ജൂൺ 22 ശനിയാഴ്ച ആയിരിക്കും. അല്മായരും സമർപ്പിതരും ഈ ക്ലാസ്സിൽ സംബന്ധിക്കാൻ സമയം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് കളത്തിൽ**

കൺവീനർ ലിറ്റർജി കമ്മീഷൻ

# ആൽഫ മരിയ അക്കാദമി

## 1. എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ ആരംഭിച്ചു.

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിച്ചു. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള തീവ്ര പരിശീലനമാണ് നല്കുന്നത്. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക.

## 2. +1 and +2 അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)

Plus Two Science Entrance Oriented Tuition ക്ലാസ്സുകൾ ഏപ്രിൽ 1 നും Plus One Science ക്ലാസ്സുകൾ മെയ് 1 നും ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു, ബ്രില്ല്യന്റ് സ്റ്റഡി പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമാണ് ക്ലാസ്സുകൾ നടത്തുന്നത്.

## 3. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് - പരിശീലനം ആൽഫയിൽ ആരംഭിച്ചു.

2019 - ൽ നടക്കുവാൻ പോകുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്കുള്ള പരിശീലനം ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 10 മുതൽ 1 മണി വരെയാണ് ക്ലാസ്സുകൾ. 18 നും 36 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495 - 2252180, 9447494190 നമ്പറുകളിൽ വിളിക്കുക.

## 4. പി. എസ്. സി ക്രാഷ് കോഴ്സ്

2019 ഏപ്രിൽ 3-ാം തിയ്യതി മുതൽ മെയ് വരെ PSC ക്രാഷ് കോഴ്സ് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ നടക്കുന്നു. +2 കഴിഞ്ഞവർ മുതൽ 36 വയസുവരെയുള്ളവർക്ക് പങ്കെടുക്കാം. പരിചയ സമ്പന്നരായ അധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 9447494190 നമ്പറുകളിൽ വിളിക്കുക.

## 5. വൊക്കേഷൻ ക്ലാസ്സുകൾ - 2019 (UP & HS)

UP and HS വിദ്യാർത്ഥികൾക്കായുള്ള വൊക്കേഷൻ ക്ലാസുകൾ ഏപ്രിൽ 3-ാം തിയ്യതി തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. (Basic Maths, Hindi and English)

### 6. ഹൈസ്കൂൾ ട്യൂഷൻ (Kerala, CBSE & ICSEj)

2019 ലേക്കുള്ള 10th ട്യൂഷൻ അഡ്മിഷൻ ഏപ്രിൽ 8 മുതലും 8, 9 ലേക്കുള്ള ട്യൂഷൻ ക്ലാസുകൾ മെയ് 13 മുതലും ആരംഭിക്കുന്നു.

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

### ജനറൽ ബോഡി യോഗവും സ്ഥാനാരോഹണവും

മാതൃവേദിയുടെ ഈ വർഷത്തെ ജനറൽ ബോഡിയോഗവും 2019 - 21 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണവും രൂപതാഭവനിൽ വച്ച് നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപതാ മുൻ പ്രസിഡണ്ട് ജോളികുട്ടി തറപ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ആനിമേറ്റർ സി. ഫിലോ, മുൻ സെക്രട്ടറി അന്നമ്മ ഓലിക്കൽ, ട്രീസ ഞരളക്കാട്ട്, സംസ്ഥാന സമിതി ട്രഷറർ മേരി കാരിയാങ്കൽ, പുതിയ പ്രസിഡണ്ട് ദീപ നെല്ലിയംകുന്നേൽ എന്നിവർ പ്രസംഗിച്ചു. 2019 - 21 വർഷത്തേക്കുള്ള മാർഗ്ഗരേഖയും കർമ്മപദ്ധതിയും അഭി. പിതാവ് പ്രകാശനം ചെയ്തു. ചർച്ച് ബില്ലിനെതിരെ പ്രമേയം പാസാക്കി. ശ്രീ. രാജീവ് പുരയ്ക്കൽ ക്ലാസ്സെടുത്തു. വിവിധ കലാപരിപാടികളോടും ഉച്ചഭക്ഷണത്തോടും കൂടി യോഗം സമാപിച്ചു.

### മേഖല സംഗമം

തോട്ടുമുക്കം മേഖല സംഗമം വാലില്ലാപുഴ സെന്റ് മേരീസ് പള്ളിയിൽ വെച്ച് നടന്നു. ഫാ. അഗസ്റ്റിൻ കണിവേലിൽ സി. എം. ഐ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് കളത്തിൽ, ചിന്നമ്മ വാമറ്റത്തിൽ, സൗമ്യ ഓലിക്കുന്നേൽ, ഷാനി സണ്ണി, സൂസമ്മ എന്നിവർ നേതൃത്വം നൽകി. സി. എമിലിൻ മരിയ സി. എം. സി. സ്ത്രീ ശാക്തീകരണം എന്ന വിഷയത്തിൽ സെമിനാർ നടത്തി. സംഗമത്തോടനുബന്ധിച്ച് അമ്മമാർ നിർമ്മിച്ച സാധനങ്ങൾ വിൽക്കാനായി ആരംഭിച്ച സെയിൽസ് സ്റ്റാൾ ഫാ. ജോസഫ് കളത്തിൽ ഉദ്ഘാടനം ചെയ്തു. തോട്ടുമുക്കം മേഖല ടീമും വ്യത്യസ്ത കലാപരിപാടികൾ അവതരിപ്പിച്ചു.

### വനിതാ ദിന സെമാനാറുകൾ

കരുവാരുകുണ്ട് മേഖലയിലെ കൽക്കുണ്ട് ഇടവകയിൽ വെച്ച് നടന്ന മേഖല സെമിനാർ ഫാ. ഫ്രാൻസീസ് നടുവത്തേട്ട് ഉദ്ഘാടനം ചെയ്തു. രൂപത പാസ്റ്ററൽ

കൗൺസിൽ സെക്രട്ടറി ശ്രീ. ചാക്കോ കാളംപറമ്പിൽ ക്ലാസെടുത്തു. ഫാ. വിൻസന്റ് കറുകമാലിൽ സി. മേഴ്സിലിൻ സി. എം. സി, സി. ഗ്രേയ്സിലിൻ സി. എം. സി ശ്രീ. ഊന്നനാൽ, ശ്രീ. ലിസി വരകിൽ ശ്രീമതി ജിഷ മാണിക്കനാംപറമ്പിൽ എന്നിവർ യോഗത്തിൽ സംസാരിച്ചു.

ദീപിക ഫ്രണ്ട്സ് ക്ലബ് വനിതദിനത്തോടനുബന്ധിച്ചു നടത്തിയ വനിത സംരഭകത്വ സെമിനാറിൽ പാറോപ്പടി മേഖലയിലെ വിവധ ഇടവകകളിൽ നിന്നായി നൂറോളം അമ്മമാർ പങ്കെടുത്തു. ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ, ട്രീസ ആന്റണിലീന ജോസഫ് എന്നിവർ നേതൃത്വം നൽകി.

കൂരാച്ചുണ്ട് മേഖല നരിനട യൂണിറ്റിൽ നടന്ന സെമിനാറിന് ഫാ. ജിജോ മണിമല നേതൃത്വം നൽകി.

### യൂണിറ്റ് രൂപീകരണം

കോടഞ്ചേരി മേഖലയിലെ കൂരോട്ടുപാറ ഇടവകയിൽ മാതൃവേദി യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഭാരവാഹി തെരഞ്ഞെടുപ്പും സെമിനാറും രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത ആനിമേറ്റർ സി. ഫിലോ കുഴിക്കാട്ട് എസ്. എ. ബി. എസ്, രൂപത പ്രസിഡണ്ട് ശ്രീമതി ദീപ റെജി എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ഫാ. ലിൻസ് മുണ്ടയ്ക്കൽ അധ്യക്ഷം വഹിച്ച യോഗത്തിന് ശ്രീമതി. മേരി വണ്ടൻമാക്കൽ, എമിലി തറപ്പേൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### പി. എം. ഒ. സി. യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ :

1. Diploma course (1 year)
2. Counsiling skills course (10 days)
3. Couple Enrichment workshop (2 days)
4. Advanced counseling skills Training (1 week)
5. Alumini meet (1 day)
6. M S C Psychology in Counseling (2 years)

### മാസ്റ്റർ ഓഫ് സയൻസ് ഇൻ സൈക്കോളജി കൗൺസിലിംഗ്

J P I -ൽ U G C, അംഗീകരിച്ച രണ്ടു വർഷത്തെ M S C Psychology in Counseling -ൽ അഡ്മിഷൻ ആരംഭിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ

കോഴ്സ് രാജസ്ഥാനിലെ സിംഗാനിയാ യൂണി വേഴ്സിറ്റിയിൽ അഫലിയേറ്റഡ് ആണ്. ഏതു ഡിഗ്രിയിൽ ബിരുദ മുള്ളവർക്കും അപേക്ഷിക്കാം. സീറ്റുകൾ പരിമിതം.

### ഡിപ്ലോമ കോഴ്സ് (1 year)

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിലെ അഞ്ചും, ആറും ബാച്ചിലെ വിദ്യാർത്ഥികൾ വിജയകരമായി നീങ്ങുന്നു. അഞ്ചാമത്തെ ബാച്ചിലെ വിദ്യാർത്ഥികൾ രണ്ടാം സെമസ്റ്ററിലേക്ക് പ്രവേശിക്കുകയും, അവരുടെ ഗ്രൂപ്പു തെറാപ്പിയും നടത്തപ്പെട്ടു.

### കൗൺസിലിംഗ് സികിൽ കോഴ്സ് ( 10 days )

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതുന്നവർക്ക് തങ്ങളെതന്നെ മനസ്സിലാക്കി സ്വയം വളരുവാനും, മറ്റുള്ളവരെ മനസ്സിലാക്കി അവരുടെ മാനസ്സീക വളർച്ചയിൽ സഹായിക്കുവാനും ഉപകരിക്കുന്ന പത്തു ദിവസത്തെ കൗൺസിലിംഗ് സ്കിൽസ് കോഴ്സ് ഏപ്രിൽ 24 മുതൽ മെയ് 3 – വരെയും, മെയ് 13 – മുതൽ 22 വരെയും രണ്ടു ഘട്ടങ്ങളിലായി നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കരിയർ വിഷൻ 2019

രൂപതയുടെ വിവിധ സ്ഥലങ്ങളിൽ വച്ച് LDS രൂപതാ കോർപറേറ്റ് മാനേജ്മെന്റും സംയുക്തമായി സംഘടിപ്പിക്കുന്ന **കരിയർ വിഷൻ 2019** പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. **+2 കഴിഞ്ഞ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും** തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചും അംഗീകൃത കോളേജുകളിലെ കോഴ്സുകളെക്കുറിച്ചും ഉന്നതപഠനത്തിനുള്ള ബാങ്ക് ലോൺ തുടങ്ങിയവയെക്കുറിച്ചും അറിയുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്. **സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് നേഴ്സിംഗ്, പാരാമെഡിക്കൽ, എഞ്ചിനീറിംഗ് കോഴ്സുകളിൽ സ്കോളർഷിപ്പോടെയുള്ള പഠനത്തിനും അവസരമുണ്ട്.**

താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ **കരിയർ വിഷൻ 2019** പ്രോഗ്രാമുകൾ നടത്തപ്പെടുന്നു.

| തീയതി | സ്ഥലം | | സമയം |
|---|---|---|---|
| 04.04.2019 ( വ്യാഴം ) | കോടഞ്ചേരി | HSS | 10.00 am |
| | വേനപ്പാറ | HSS | 02.00 pm |
| 05.04.2019 ( വെള്ളി ) | പുല്ലൂരാംപാറ | HSS | 10.00 am |

| | | | |
|---|---|---|---|
| | തിരുവമ്പാടി | HSS | 02.00 pm |
| 06.04.2019 (ശനി ) | കൂടത്തായ് | HSS | 10.00 am |
| | താമരശ്ശേരി കത്തീഡ്രൽ ഹാൾ | | 02.00 pm |
| 08.04.2019 ( തിങ്കൾ ) | ല്ലാനോട് | HSS | 10.00 am |
| | കൂരാച്ചുണ്ട് | HSS | 02.00 pm |
| 09.04.2019 ( ചൊവ്വ ) | കുളത്തുവയൽ | HSS | 10.00 am |
| | പടത്തുകടവ് | HSS | 02.00 pm |
| 10.04.2019 ( ബുധൻ) | മരുതോംകര | HSS | 10.00 am |
| | ചാത്തൻകോട്ടുനട | HSS | 02.00 pm |
| 11.04.2019 (വ്യാഴം ) | കൂടരഞ്ഞി | HSS | 10.00 am |
| | തോട്ടുമുക്കം | HSS | 02.00 pm |

**ഫാ. ജോസഫ് ഏഴാനിക്കാട്ട്**
പ്രോഗ്രാംകോർഡിനേറ്റർ LDS
Mob: 9496464576

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, LDS

# മദ്യവിരുദ്ധ സമിതി

## മദ്യവിരുദ്ധ ഞായർ

മദ്യവിരുദ്ധ ഞായർ ഇടവകകളിൽ വിവിധ പരിപാടികളോടെ ആചരിച്ചു. പ്രതിഷേധയോഗവും റാലികളും നടത്തപ്പെട്ടു.

## സമ്മാനകൂപ്പൺ

മദ്യവിരുദ്ധസമിതിയുടെ സമ്മാനകൂപ്പണുകൾ ഇടവകകളിൽ നിന്നും തിരികെ വാങ്ങിക്കൊണ്ടിക്കുന്നു. നറുക്കെടുപ്പ് മാർച്ച് 30 ന് നടത്തപ്പെടും.

## സംസ്ഥാന സമിതി സമ്മേളനം

പാലാരിവട്ടം പി. ഒ. സി. യിൽ വച്ച് ഈ വർഷത്തെ സംസ്ഥാനസമിതി സമ്മേളനം നടത്തപ്പെട്ടു. രൂപതാഡയറക്ടറും ഭാരവാഹികളും പങ്കെടുത്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# ഫാമിലി അപ്പോസ്തലേറ്റ്

മാർച്ച് 04 - 07 തീയ്യതികളിൽ പി.എം.ഒ.സി - യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 56 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, സിസ്റ്റർ നവ്യ സ്റ്റീഫൻ എസ്.എച്ച്., സിസ്റ്റർ പ്രസീന എം.എസ്.എം.ഐ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, മിസ്സിസ് ഷാന്റി ജോസ്, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. 130 - ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എം.എസ്.എം.ഐ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

**ഏപ്രിൽ** 08-11 **മേയ്** 06-09

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

**മലബാർ മേഖലാ സംഗമം**

2019, മാർച്ച് 16 ശനിയാഴ്ച കോഴിക്കോട് സിറ്റി സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് കെ.സി.ബി.സി പ്രോ-ലൈഫ് മലബാർ മേഖലാ സമ്മേളനം നടത്തുകയുണ്ടായി. കോഴിക്കോട് രൂപതാ ബിഷപ്പ് റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. താമരശേരി രൂപതാ ബിഷപ്പ് മാർ റെമിജീയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ജനിക്കുവാനും ജീവിക്കുവാനുമുള്ള അവകാശം എന്ന വിഷയത്തെ ആസ്പദമാക്കി പ്രോ-ലൈഫ് സെമിനാർ സംഘടിപ്പിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഏവർക്കും സ്വാഗതമരുളി. പ്രോ-ലൈഫ് സംസ്ഥാന ഡയറക്ടർ ഫാ. പോൾ

മാടശ്ശേരി അനുഗ്രഹപ്രഭാഷണവും പ്രസിഡന്റ് സാബു ജോസ് മുഖ്യപ്രഭാഷണവും നടത്തി. ഫാ. ജിജു പള്ളിപറമ്പിൽ, സി. മേരി ജോർജ്ജ് എഫ്.സി.സി, ഡോ. അബ്രാഹം ജേക്കബ്, ജോൺസൺ പൂവത്തിങ്കൽ, രൂപതാ പ്രസിഡണ്ട് സജീവ പുരയിടത്തിൽ, സംസ്ഥാന ട്രഷറർ റ്റോമി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. പ്രോ-ലൈഫ് സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ഷിബു ജോൺ യോഗത്തിൽ ഏവർക്കും കൃതജ്ഞതയർപ്പിച്ചു.

കോഴിക്കോട്, താമരശേരി, തലശ്ശേരി അതിരൂപത, കണ്ണൂർ, മാനന്തവാടി, ബത്തേരി, കോട്ടയം അതിരൂപത (ശ്രീപുരം) എന്നീ രൂപതകളിലെ ഡയറക്ടർ അച്ചന്മാരും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കെ. സി.ബി.സി പ്രോ-ലൈഫ് മലബാർ മേഖലാ ഭാരവാഹികൾ**

ഫാദർ ജോസ് പെണ്ണാപറമ്പിൽ (ഡയറക്ടർ)
സിസ്റ്റർ ജോസ്ന കെ. എം. (ആനിമേറ്റർ)
സാലു അബ്രാഹം (പ്രസിഡന്റ്)
ഡോ. ഫ്രാൻസിസ് (സെക്രട്ടറി)
ഷാജൻ മണിമല (ട്രഷറർ)

**പ്രോ-ലൈഫ് യൂണിറ്റ് സ്ഥാപനം**

താമരശേരി രൂപതാ മരിയൻ പ്രോ- ലൈഫ് മൂവ്മെന്റിന്റെ ഇടവകായൂണിറ്റുകൾ പുല്ലൂരാംപാറ, കൂരാച്ചുണ്ട് എന്നീ ഇടവകകളിൽ ആരംഭിച്ചു.

**പ്രോ- ലൈഫ് പുല്ലൂരാംപാറ യൂണിറ്റ് ഭരണസമിതി**

ഫാ. ജോൺ കളരിപ്പറമ്പിൽ (രക്ഷാധികാരി)

1. സോണിമോൻ സേവ്യർ കരിവേലിക്കൽ (പ്രസിഡന്റ്)
2. റീബാ ഫിലിപ്പ് ചക്കുമ്മൂട്ടിൽ (വൈസ് പ്രസിഡന്റ്)
3. പ്രിൻസ് താളനാനിക്കൽ (സെക്രട്ടറി)
4. ബിൻസി ബിനീഷ് കളത്തൂർ(ജോ. സെക്രട്ടറി)
5. ജോസ് റ്റോം ഓണാട്ട് (ട്രഷറർ)
6. ബന്നി ലൂക്കോസ് മൂഴിക്കുഴി
7. വിൽസൺ പുതുപ്പറമ്പിൽ
8. ജിബീഷ് മാത്യു കുന്നപ്പള്ളിൽ
9. ലിസ്സി അലക്സ് പ്ലാമ്പറമ്പിൽ
10. ഡെയ്സി ജോർജ് മുത്തനാട്ട്

**പ്രോ- ലൈഫ് കൂരാച്ചുണ്ട് യൂണീറ്റ് ഭരണസമിതി**

ഫാ. ജെയിംസ് വാമറ്റത്തിൽ (രക്ഷാധികാരി)

1. ഡേവിസ് കെ.വി (പ്രസിഡന്റ്)
2. ബൈജു അരീക്കൽ (വൈസ് പ്രസിഡന്റ്)
3. റെജി നെടിയപാലയ്ക്കൽ (സെക്രട്ടറി)
4. ജോർജ്ജ് ജോസഫ് തെക്കേക്കരോട്ട് (ട്രഷറർ)
5. ബിനു ജോസ് താന്നിയാനിക്കൽ

6. തോമസ് നെടിയപാലയ്ക്കൽ
7. ജെയ്സൺ എമ്പ്രയിൽ
8. ജോർജ്ജ് ചുവപ്പുങ്കൽ
9. ജേക്കബ് കോച്ചേരി
10. റോയി വട്ടപറമ്പിൽ
11. ബിൻജു കൂരാപ്പുള്ളിൽ
12. സ്റ്റെനി തോമസ്
13. കെ. എം. ചാക്കോ കാനാട്ട്

## താമരശ്ശേരി രൂപത യൂത്ത് ഫോർ ലൈഫ്

താമരശേരി രൂപതാ മരിയൻ പ്രോ- ലൈഫ് മൂവ്മെന്റിന്റെ യുവജന വി ഭാഗമായ **യൂത്ത് ഫോർ ലൈഫ്** നിലവിൽവന്നു. രൂപതാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, രൂപതാ ആനിമേറ്റർ ഡോ. ബെസ്റ്റി ജോസ്, പ്രസിഡന്റ് സുബിൻ തയ്യിൽ, വൈസ് പ്രസിഡന്റ്മാർ നേഹാ ജോസ്, ജോയേൽ ജോസ്, ജനറൽ സെക്രട്ടറിമാർ ഗോഡ്വിൻ നീണ്ടുകുന്നേൽ, സാന്ദ്ര മരിയ സ്ക്കറിയ, ജോയിന്റ് സെക്രട്ടറി ടിബിൻ അഗസ്റ്റിൻ, അഞ്ജലി സ്ക്കറിയ, ട്രഷറർ എബിൻ സണ്ണി, ലിന്റാ മാത്യു, എന്നിവർ ഭാരവാഹികളായി തെരെഞ്ഞെടുക്കപ്പെട്ടു.

## താമരശേരി രൂപതാ മരിയൻ പ്രോ- ലൈഫ് ദിനാഘോഷം

ആഗോള പ്രോ- ലൈഫ് ദിനമായ മാർച്ച് 25 - ാം തീയ്യതി താമരശ്ശേരി രൂപതാ മരിയൻ പ്രോ- ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ രൂപതാതല ഉദ്ഘാടനം കോടഞ്ചേരി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു. താമരശേരി രൂപതാ ബിഷപ്പ് മാർ റെമിജീയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ച് പ്രോ- ലൈഫ് പ്രവർത്തനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് പ്രോ- ലൈഫ് ദിന റാലി കോടഞ്ചേരി സെന്റ് മേരീസ് പള്ളിയിൽ നിന്നാരംഭിച്ച് ഹോളി ക്രോസ് ഹോസ്പിറ്റലിൽ അവസാനിച്ചു. താമരശേരി രൂപതാ ബിഷപ്പ് മാർ റെമിജീയോസ് ഇഞ്ചനാനിയിൽ നേതൃത്വം നൽകിയ റാലിയിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, കോടഞ്ചേരി ഫൊറോനാ വികാരി ഫാ. തോമസ് പൊരിയത്ത്, അസിസ്റ്റന്റ് വികാരി ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ പ്രോ- ലൈഫ് രൂപതാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, രൂപതാ ആനിമേറ്റർ സി. റോസ്മരിയ സി.എം.സി., രൂപതാ പ്രസിഡണ്ട് സജീവ പുരയിടത്തിൽ, രൂപതാ ജനറൽ സെക്രട്ടറി ടോമി പ്ലാത്തോട്ടം, പ്രോലൈഫ് സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ഷിബു ജോൺ, പ്രോലൈഫ് രൂപതാ വൈസ് പ്രസിഡണ്ട് ആൻഡ്രൂസ് ചൂരപ്പൊയ്കയിൽ, മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, വിനോദ് വെട്ടത്ത്, സുബിൻ തയ്യിൽ, ഗോഡ്വിൻ നീണ്ടുകുന്നേൽ, സ്നേഹ ജോസ് എന്നിവർ സജീവ പങ്കാളിത്തം നൽകി റാലിയെ നയിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കുടുംബ കൂട്ടായ്മ രൂപത സംഗമവും, മേഖല രൂപതാ തല ഇലക്ഷൻ

കുടുംബ കൂട്ടായ്മ ഇടവകഭാരവാഹികളുടെ സംഗമവും, കുടുംബ കൂട്ടായ്മയുടെ മേഖല,രൂപതാതല ഇലക്ഷൻ ഏപ്രിൽ 11 ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി കത്തീഡ്രലിൽ വച്ചു നടക്കുന്നതാണ്.കുടുംബ കൂട്ടായ്മയുടെ ഇടവകതല ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഈ ഇലക്ഷനിലും സമ്മേളനത്തിലും പങ്കെടുക്കേണ്ടതാണ്. എല്ലാ ഇടവകയിൽ നിന്നും ഭാരവാഹികളെ പറഞ്ഞയക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**പ്രോഗ്രാം**

| | |
|---|---|
| 10:00 am | രജിസ്ട്രേഷൻ |
| 10:30 am | ഉദ്ഘാടനം |
| 11: 00 am | ക്ലാസ് |
| 12:00 pm | മേഖല ഇലക്ഷൻ |
| 12:30 pm | രൂപതാതല ഇലക്ഷൻ, പുതിയ ഭാരവാഹികളുടെ സത്യ പ്രതിജ്ഞ |
| 1:15 pm | ഉച്ചഭക്ഷണം |
| | **നന്ദി:** |

NB: കുടുംബകൂട്ടായ്മ ഇടവക ഭാരവാഹികളുടെ ലിസ്റ്റ് അന്നേദിവസം കൊണ്ടുവരേണ്ടതാണ്.

## മികച്ച കുടുംബ യൂണിറ്റ് അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

താമരശ്ശേരി രൂപതയിലെ മികച്ച കുടുംബ യൂണിറ്റുകളെ കണ്ടെത്തുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 2018 വർഷത്തെ കുടുംബ കൂട്ടായ്മ റിപ്പോർട്ട് ബുക്കിന്റെ ഫോട്ടോകോപ്പി, വികാരിയച്ചന്റെ കത്തോടുകൂടി ഏപ്രിൽ 5 മുമ്പായി പി. എം. ഒ. സി യിൽ പ്രവർത്തിക്കുന്ന കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കണം. ഒരു ഇടവകയിൽനിന്നും ഒരു കോപ്പി മാത്രമെ സ്വീകരിക്കുകയുള്ളൂ. വിജയികൾക്ക് യഥാക്രമം 3000, 2000, 1000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡ് നൽകുന്നതാണ്.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ കുടുംബകൂട്ടായ്മ

# ആദരാഞ്ജലികൾ



## സി. സിസിലി എം.എസ്.എം.ഐ

"തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അടുത്തുവരാൻ അവിടുന്ന് അനുവദിക്കും" (സംഖ്യ: 16:5)

തൊടുപുഴക്കടുത്തുള്ള കല്ലൂർ ഇടവകയിൽ പരേതരായ മോളത്ത് മാത്യു- അന്ന ദമ്പതികളുടെ മകളായി 1946 ഒക്ടോബർ 21 ന് ജനനം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി എം.എസ്.എം.ഐ. സഭാസമൂഹത്തിൽ പ്രവേശിച്ച് 1967 മെയ് 23 ന് ആദ്യവ്രതവാഗ്ദാനത്തിലൂടെ സന്യാസ സഭാംഗമായി. പഠനശേഷം കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ അദ്ധ്യാപിക, സഭയുടെ ജനറൽ പ്രൊവിൻഷ്യൽ തലങ്ങളിൽ കൗൺസിലർ, ലോക്കൽ സുപ്പീരിയർ, സന്യാസ പരിശീലക എന്നീ നിലകളിലും കുളത്തുവയൽ, പെരുവണ്ണാമൂഴി, ചന്ദനക്കാംപാറ, ചെമ്പനോട, ചമൽ, അയത്തുപടി, കൂമ്പാറ, വാളൂക്ക്, എരഞ്ഞിപ്പാലം, മാലൂർക്കുന്ന്, പനംപ്ലാവ്, നെടുപുഴ എന്നീ ഇടവകകളിലും സേവനം ചെയ്തു. സിസ്റ്റർ തൃശ്ശൂർ ജില്ലയിലെ നെടുപുഴയിൽ ആയിരിക്കെ അനുഭവപ്പെട്ട വൈറൽ ഫീവറിന് ചികിത്സയിൽ കഴിയവേ, കുഴഞ്ഞുവീഴുകയും പിന്നീട് ആശുപത്രിയിൽ വെച്ച് 2019 മാർച്ച് 23 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 24-ാം തീയതി ചമൽ സെന്റ് ജോർജ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നേതൃത്വം നൽകി. സി. സിസിലിയുടെ ആത്മാവിന് നിത്യശാന്തി നേരുകയും വിശുദ്ധരോടൊപ്പം കർത്താവിനെ നിരന്തരം സ്തുതിക്കുവാൻ ആത്മാവിന് കൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

